കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

പത്രക്കുറിപ്പ്
2020 മാർച്ച് 16 തിങ്കൾ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>

പാർട്ട് - 2

ഗുരുവായൂർ ക്ഷേത്ര ദർശനത്തിന് വിലക്കില്ല

കൊറോണ വൈറസ് പടരുന്ന സാഹചര്യത്തിൽ ഗുരുവായൂർ ക്ഷേത്ര ദർശനം നിർത്തിയെന്നും ക്ഷേത്രം അടച്ചിട്ടെന്നുമുള്ള വ്യാജ വാർത്ത പ്രചരിക്കുന്നത് തെറ്റാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചു. ഉത്സവത്തിന്റെ ഭാഗമായ പള്ളിവേട്ട, ആറാട്ട് തുടങ്ങിയ ചടങ്ങുകളിൽ ഭക്തർ കൂട്ടമായി വരുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഭക്തർ കൂട്ടമായി വരുന്നത് ഒഴിവാക്കി ദർശനം നടത്താം.

ഉച്ചപൂജ കഴിഞ്ഞു 1.30ക്ക് നട അടയ്ക്കുന്നത് ഇപ്പോൾ ഒന്നിന് അടക്കും. പതിവ് പോലെ വൈകീട്ട് 4.30 ന് തുറക്കുകയും ചെയ്യും. കൃഷ്ണനാട്ടം കളിയുള്ള ദിവസങ്ങളിൽ അവ നടക്കുന്നതുമാണ്. മേൽപ്പത്തൂർ ഓഡിറ്റോറിയം മാർച്ച് 31 വരെ അടച്ച സാഹചര്യത്തിൽ പരിപാടികൾ ബുക്ക് ചെയ്തവർക്ക് 31ന് ശേഷം പുതിയ തീയതി നൽകുകയോ റീഫണ്ട് നൽകുകയോ ചെയ്യും. കൊറോണ ഭീതിയെ തുടർന്ന് നിലനിൽക്കുന്ന സാഹചര്യം മാറിയാൽ 31ന് ഇപ്പോൾ നിർത്തിവെച്ച ശേഷം പ്രഭാതഭക്ഷണമുൾപ്പെടെയുള്ള പ്രസാദഊട്ട് പുനരാരംഭിക്കുമെന്നും ദേവസ്വം ചെയർമാൻ അറിയിച്ചു.

ഗുരുവായൂർ മേൽശാന്തി അഭിമുഖം 23ന്

ഗുരുവായൂർ ക്ഷേത്രത്തിലെ മാറ്റി വെച്ച മേൽശാന്തി അഭിമുഖം മാർച്ച് 23ന് രാവിലെ 8.30ന്. ശ്രീപത്മം ബിൽഡിങ്ങിലെ ദേവസ്വം ഓഫീസിൽ വെച്ചാണ് അഭിമുഖം നടത്തുക. ഉച്ചപൂജയ്ക്ക് ശേഷം നട തുറക്കുന്ന സമയത്തു നമസ്കാര മണ്ഡപത്തിൽ വെച്ച് നറുക്കെടുപ്പ് നടത്തി മേൽശാന്തിയെ തിരഞ്ഞെടുക്കും.